**കണ്ണൂർ സർവ്വകലാശാല**

**(സിംഗിൾ വിൻഡോ )**

അക്കാഡ്/SWC/6734/2020 തീയതി: 24.11.2020

**<u>പ്രസിദ്ധീകരണത്തിന്</u>**

**<u>ബി.എഡ് പ്രവേശനം</u>**

B.Ed. പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് 25.11.2020 ന് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. റാങ്ക് ലിസ്റ്റ് സംബന്ധിച്ച് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ 27/11/2020 ,5.00 P M വരെ അവസരം നല്കുന്നതാണ്. ഇതിനായി bedsws@kannuruniv.ac.in എന്ന മെയിൽ ഐഡി യിലേക്ക് മെയിൽ അയക്കേണ്ടതാണ്.

**<u>പി ജി (കോളേജ്) എസ് .സി /എസ്.ടി ഒഴിവ്</u>**

പി.ജി കോഴ്സ് കളിലെ SC/ST ഒഴിവുകളിലേക്ക് ഇതുവരെ അപേക്ഷിക്കാത്ത SC/ST വിഭാഗക്കാർക്ക് ഓൺലൈനായി 2020 നവംബർ 25 നു അപേക്ഷിക്കാം. ഒഴിവുകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ഇതിനായി നൽകുന്നതാണ്.

**<u>പി ജി (കോളേജ്) സ്പോട്ട് അഡ്മിഷൻ</u>**

ഗവണ്മെന്റ്/എയ്ഡഡ് കോളേജുകളിലെ PG കോഴ്സുകളിലെ SC/ST ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളിലേക്കും സ്പോട്ട് അഡ്മിഷൻ നടത്തുന്നതാണ്. ഇതിനായി 27/11/2020 ന് അതാത് കോളേജുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.വേക്കൻസി ലിസ്റ്റ് വെബ്സൈറ്റിൽ നൽകുന്നതായിരിക്കും. വിവിധ കാരണങ്ങളാൽ അലോട്മെന്റിൽ നിന്ന് പുറത്തായവർക്കും, നിലവിൽ പ്രവേശനം ലഭിച്ചവർക്കും, പ്രവേശനം ലഭിക്കാത്തവർക്കും പങ്കെടുക്കാം. നവംബർ 30 നു കോളേജുകളിൽ പ്രവേശനം നടത്തുന്നതാണ്. പ്രവേശനത്തിന് അർഹരായവരെ കോളേജ് അധികാരികൾ ഫോൺ വഴി ബന്ധപ്പെടുന്നതായിരിക്കും.

സെൽഫ് ഫൈനാൻസിങ് കോളേജുകളിലെ പി ജി ഒഴിവുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ അപേക്ഷസ്വീകരിക്കുന്നത് 1/ 12/2020 നും അഡ്മിഷൻ 2/ 12/2020 നും ആയിരിക്കും..വേക്കൻസി ലിസ്റ്റ് വെബ്സൈറ്റിൽ നൽകുന്നതായിരിക്കും. വിവിധ കാരണങ്ങളാൽ അലോട്മെന്റിൽ നിന്ന് പുറത്തായവർക്കും, നിലവിൽ പ്രവേശനം ലഭിച്ചവർക്കും, പ്രവേശനം ലഭിക്കാത്തവർക്കും ഇതുവരെ അപേക്ഷിക്കാത്തവർക്കും അവസരമുണ്ട്.

പ്രവേശനത്തിന് അർഹരായവരെ കോളേജ് അധികാരികൾ ഫോൺ വഴി ബന്ധപ്പെടുന്നതായിരിക്കും.

**<u>സെൽഫ് ഫിനാൻസിങ് കോളേജുകളിലെ യു.ജി സ്പോട്ട് അഡ്മിഷൻ</u>**

സെൽഫ് ഫിനാൻസിങ് കോളേജുകളിലെ SC/ST ഉൾപ്പെടെയുള്ള എല്ലാ യു.ജി ഒഴിവ്കളിലേക്കും സ്പോട്ട് അഡ്മിഷൻ നടത്തുന്നതാണ്. താത്പര്യമുള്ളവർ നവംബർ 27 ന് 4 മണിവരെ അതാത് കോളേജുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. വിവിധ കാരണങ്ങളാൽ അലോട്മെന്റിൽ നിന്ന് പുറത്തായവർക്കും, നിലവിൽ പ്രവേശനം ലഭിച്ചവർക്കും, പ്രവേശനം ലഭിക്കാത്തവർക്കും ഇതുവരെ അപേക്ഷിക്കാത്തവർക്കും അവസരമുണ്ട്. വേക്കൻസി ലിസ്റ്റ് വെബ്സൈറ്റിൽ നൽകുന്നതായിരിക്കും.

2020 നവംബർ 30, ഡിസംബർ 1 തിയ്യതികളിൽ പ്രവേശനം നടത്തുന്നതായിരിക്കും.

പ്രവേശനത്തിന് അർഹരായവരെ കോളേജ് അധികാരികൾ ഫോൺ വഴി ബന്ധപ്പെടുന്നതായിരിക്കും.

ഒപ്പ്/-

രജിസ്ട്രാർ (i/c)

സ്വീകർത്താവ്:

1.PRO

2.IT CELL

3.ENQUIRY

4.WEB MANAGER

വിതരണാനുമതിയോടെ

സെക്ഷൻ ഓഫീസർ